**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3702** **12-03-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ആർ.ടി.ഒ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ആർ.ടി.ഒ. പരിധിയിൽ ഡ്രൈവിംഗ് ടെസ്റ്റ് അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് അടുത്ത മൂന്നുമാസത്തേക്ക് അനുവദിച്ചിട്ടുള്ള അപ്പോയിന്റ്മെന്റുകളുടെ എണ്ണം വിശദമാക്കാമോ; | (എ) | 10,080 |
| (ബി) | മലപ്പുറം ആർ.ടി.ഒ. പരിധിയിൽ നിലവിലുള്ള ടെസ്റ്റ് ബാച്ച് എത്രയെന്നുള്ള വിവരവും അവർ ഓരോ ദിവസവും അറ്റൻഡ് ചെയ്യുന്ന ഡ്രൈവിംഗ് ടെസ്റ്റ് ഡ്യൂട്ടിയുടെ വിശദാംശവും അറിയിക്കുമോ; | (ബി) | മലപ്പുറം ആർ.ടി.ഒ. പരിധിയിൽ നിലവിൽ 4 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും 4 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും ചേർന്ന് ഒരു ദിവസം 4 ബാച്ച് വീതം ടെസ്റ്റുകൾ നടത്തി വരുന്നു.<br><br>ഓരോ ബാച്ചിലും 35 പേർ വീതം ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നു. |
| (സി) | അപേക്ഷകർക്ക് ആനുപാതികമായി മലപ്പുറത്ത് ടെസ്റ്റ് ബാച്ച് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ ടെസ്റ്റ് ബാച്ച് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപേക്ഷകർക്ക് ആനുപാതികമായി ടെസ്റ്റ് ബാച്ച് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ആയിരക്കണക്കിന് അപേക്ഷകർ ഡ്രൈവിംഗ് ടെസ്റ്റ് അപ്പോയ്ന്റ്മെന്റ് ലഭിക്കാതെ കാത്തിരിക്കുന്ന സാഹചര്യത്തിൽ പുതിയ ടെസ്റ്റ് ബാച്ച് അനുവദിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. 05/11/24-ന് നൽകിയ പി.യു./70/24/എം.വി.ഡി./എം.പി.എം. നമ്പർ കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) | മലപ്പുറം എം.എൽ.എ. സമർപ്പിച്ച 05/11/24-ലെ പി.യു. /70/24/എം.വി.ഡി./എം.പി.എം. നമ്പർ കത്തിലെ അഭ്യർത്ഥന പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ ബി2/84/2025-ഗതാ നമ്പർ ഫയലിൽ ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ മലപ്പുറം ആർ.ടി.ഒ യുടെ കീഴിൽ ഡ്രൈവിംഗ് ടെസ്റ്റ് ബാച്ച് നിലവിൽ ഉള്ള മൂന്ന് ബാച്ചിന് പുറമെ ഒരു ബാച്ച് കൂടി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ